LIBRARY ARCHIVES Kerala Legislative Assembly

അസംസ്കൃത വസ്തുക്കൾ പ്രകൃതിവാതകം ഉപയോഗിച്ച് ഉന്നതനിലവാരമുള്ള refracting tiles, vitrified flooring tiles, ഗ്ലാസ്, സോപ്പ്, സാനിട്ടറി വെയേർസ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കാനാകും. ഇതുവഴി സംസ്ഥാനത്തിന് വർഷത്തിൽ VAT നികുതിയിനത്തിൽ 1000 കോടിയിൽപ്പരം രൂപ വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് അന്തരീക്ഷ മലിനീകരണം തുലോം കുറവായതുമൂലം ഇത് ഹരിത ഇന്ധനം എന്നറിയപ്പെടുന്നു. LPG-യെക്കാൾ ചെലവു കുറഞ്ഞ ഈ വാതകം വീടുകളിലേയ്ക്ക് പൈപ്പ് ലൈനിലൂടെ എത്തിക്കുകവഴി കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാചകവാതക ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കൂടാതെ, വാഹനങ്ങൾക്കും വളം നിർമ്മാണത്തിനും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഈ വാതകം ഉപയോഗിക്കാൻ സാധിക്കും. വാഹനങ്ങളിൽ പെട്രോൾ, ഡീസൽ എന്നിവയെക്കാൾ ചെലവുകുറഞ്ഞ Compressed Natural Gas(CNG) വിതരണവും ഈ പദ്ധതി ലക്ഷ്യമാക്കുന്നു.

നിക്ഷേപ സൗഹൃദ സംസ്ഥാനം

172 (557) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം പരിപാടികളുടെ ഭാഗമായി എന്ത് തുക സംസ്ഥാനത്ത് നിക്ഷേപമായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും സംസ്ഥാനത്തെ വ്യവസായ വികസനത്തിനും നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും എമർജിംഗ് കേരള, 2012, യെസ് 2014, യെസ് ക്യാൻ 2015, വി മിഷൻ 2015 മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്.

കേരളത്തിലെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിലേയ്ക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവ സംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വസമ്മേളനം 2015 (WE Summit 2015), WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 14 പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി നൽകുന്നു.*

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

173 (558) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിൽ നിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.